1)

ശങ്കരജയന്തി

എൻ. വി. കൃഷ്ണവാരിയർ

അദ്വൈതവേദാന്തത്തിന്റെ പ്രതിഷ്ഠാപകനായ ശങ്കരാചാര്യരെപ്പററി കേട്ടിട്ടില്ലാത്ത മലയാളികൾ കുറവായിരിക്കും. എന്നാൽ, അദ്ദേഹം പ്രതിഷ്ഠിച്ച അദ്വൈതദർശനത്തിന്റെ യഥാർത്ഥരൂപം അറിഞ്ഞവർ അതിലേറെ ചുരുങ്ങും. ഇന്ത്യയുടെ എല്ലാ അധഃപതനങ്ങൾക്കും മൂലകാരണം ഇഹലോകത്തിന്റെ നിസ്സാരതയിലൂന്നുന്ന വേദാന്തമാണെന്നുപറയുന്ന പണ്ഡിതന്മാർക്കും ഒരു കാലത്തും കുറവുണ്ടായിട്ടില്ല. ഏററവുമധികം തെററിദ്ധരിക്കപ്പെട്ട ഭാരതീയപദം ''മായ'' എന്നതാണെന്നു തോന്നുന്നു.

പക്ഷേ, അദ്ഭുതമെന്നു പറയട്ടേ, ശങ്കരാചാര്യരെപ്പോലെ ഇത്രയധികം തെററിദ്ധരിക്കപ്പെടേണ്ടതില്ലാത്ത, വ്യക്തവാക്കായ, മറെറാരു ദാർശനികൻ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ഇരുട്ടിൽ അവിടെയില്ലാത്ത കറുത്ത പൂച്ചയെ തപ്പുകയല്ല തന്റെ കൃതികളിൽ അദ്ദേഹം ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഭാഷയിൽ സന്ദിഗ്ദ്ധാർത്ഥങ്ങളായ പദവാക്യങ്ങളോ, ചിന്തയിൽ വഴി തെററിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്ന സങ്കീർണ്ണതകളോ ഇല്ല. സാമാന്യം ബൃഹത്തായ ശാങ്കരഗ്രന്ഥസമുച്ചയത്തിൽ വ്യാഖ്യാനത്തിന്റെ കമ്മായം കൊണ്ട് ഓട്ടയടയ്ക്കേണ്ട പരസ്പരവൈരുദ്ധ്യത്തിന്റെ വിള്ളലുകളുമില്ല.

എന്നിട്ടും ശങ്കരാചാര്യരെപ്പററിയും അദ്ദേഹത്തിന്റെ തത്വദർശനത്തെപ്പററിയും സാധാരണ ജനങ്ങൾ മാത്രമല്ല, അദ്ദേഹത്തിന്റെ അധികൃതശിഷ്യന്മാർ തന്നെ തെററിദ്ധരിക്കുകയാണുണ്ടായിട്ടുള്ളത്. ''കൌപീനവന്ത: ഖലു ഭാഗ്യവന്ത:'' എന്നു പ്രഖ്യാപിച്ച ശങ്കരന്റെ ശിഷ്യന്മാർ ഒട്ടകങ്ങളും ആനകളും വലിയ അകമ്പടിസ്സംഘങ്ങളുമായി നാടു നീളെ നടക്കുകയും, പണക്കാരുടേയും മഹാരാജാക്കന്മാരുടേയും വിഭവസമൃദ്ധമായ ആതിഥ്യം സ്വീകരിക്കുകയും, ക്ഷേത്രങ്ങളിൽ പുഷ്പാഞ്ജലികളും ആരാധനകളും നടത്തുകയും ചെയ്തു.

''ഉദരനിമിത്തം ബഹുകൃതവേഷ:'' എന്നു ശങ്കരാചാര്യർ അപഹസിച്ച വേഷവൈകൃതം ഭാരതീയസന്ന്യാസജീവിതത്തിന്റെ ബാഹ്യരൂപമായും തീർന്നു. നിത്യനൈമിത്തികകാമ്യകർമ്മങ്ങൾ മനുഷ്യനെ നിത്യശ്രേയസ്സിലേക്കു നയിക്കുകയില്ലെന്നും, ഏറിയാൽ അവ ചിത്തശുദ്ധിയുണ്ടാക്കാൻ മാത്രമേ ഉപകരിക്കൂ എന്നും, ജ്ഞാനം മാത്രമേ പരമസത്യപ്രാപ്തിക്കുതകൂ എന്നും ശങ്കരാചാര്യർ, തന്റെ കൃതികളിൽ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിട്ടും ശങ്കരന്റെ അനുയായികളെന്നു പറയപ്പെടുന്നവർ ആചാരപ്രധാനമായ ഹിന്ദുമതത്തെ അരക്കിട്ടുറപ്പിക്കുകയാണുണ്ടായത്. ''നമേ ജാതി ചിന്താ'' എന്നു സധൈര്യം പറഞ്ഞ ശങ്കരന്റെ പരമ്പരജാതിയേയും അസ്പൃശ്യതയേയുംതാങ്ങി നിർത്തി. ''ത്വയിമയി സർവ്വത്രൈകോ വിഷ്ണു:'' എന്നു കണ്ടറിഞ്ഞ ഒരാൾ എങ്ങിനെ ജാതികൃതമായ ഉച്ചനീചത്വങ്ങളേയും, അവയെ ആധാരമാക്കി താഴ്ന്ന പടിയിലുള്ളവരെ മൃഗീയമായി മർദ്ദിക്കുകയും ചൂഷണം ചെയ്യുകയും ഉയരാനനുവദിക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രാകൃതസാമൂഹ്യവ്യവസ്ഥയേയും പൊറുക്കും, പൊറുപ്പിക്കും? പക്ഷേ, ഇന്ത്യയിലുണ്ടായതു് അതായിരുന്നു.

കാരണം വ്യക്തമാണ്. അദ്വൈതവേദാന്തത്തെ ഉൾക്കൊള്ളാൻ ആവശ്യമായ പക്വത പ്രാചീനഭാരതീയസമുദായത്തിനുണ്ടായിരുന്നില്ല. സമുദായത്തിൽ നിന്നു വിട്ട്, അതിവർണ്ണികളും അത്യാശ്രമികളുമായി, മോക്ഷത്തിലേക്കു നയിക്കുന്ന ക്ഷുരധാരാനിശിതമായ ഏകാന്തപഥത്തിലൂടെ ആത്മാരാമന്മാരായി ഇറങ്ങിത്തിരിച്ച ഏതാനും പേർ അന്നുമുണ്ടായിരുന്നില്ലെന്നല്ല. എന്നാൽ, വ്യക്തികളുടെ മതമെന്ന നിലയിലല്ലാതെ ജനതയുടെ മതമെന്ന നിലയിൽ അദ്വൈതവേദാന്തം അംഗീകൃതമാവാനുള്ള സാഹചര്യങ്ങൾ അന്നു രൂപപ്പെട്ടിരുന്നില്ല.

എല്ലാവർക്കും സുഭിക്ഷമായി ജീവിക്കാനാവശ്യമായ ഭൌതികപുരോഗതി, എല്ലാ പൌരന്മാർക്കും സമത്വംവാഗ്ദാനംചെയ്യുന്നജനാധിപത്യവ്യവസ്ഥിതി, പ്രപഞ്ചത്തിന്റെ ഉൽപത്തിസ്ഥിതിലയങ്ങളെ ആവരണം ചെയ്യുന്ന പരമനിഗൂഢതയെ ചോദ്യം ചെയ്യാൻ വേണ്ട ധിഷണാപരമായ സാഹസം ഒരു വലിയ ന്യൂനപക്ഷത്തിന്നെങ്കിലും നൽകുന്ന ശാസ്ത്രീയമനസ്ഥിതി, ഇത്രയും സാഹചര്യങ്ങളുടെ പശ്ചാത്തലത്തിന്നെതിരെ മാത്രമേ അദ്വൈതദർശനത്തിന്ന് ഒരു സർവ്വജനീനമതമെന്ന നില കൈവരുകയുള്ളു. ഈ സാഹചര്യങ്ങൾ ഇന്ത്യയിൽ ഇപ്പോൾ ഉണ്ടായിത്തുടങ്ങിയിരിക്കുകയാണ്. ആ നിലയ്ക്ക്, സത്യാന്വേഷികൾ കൂടുതൽക്കൂടുതലായി അദ്വൈത ദർശനത്തിലേക്കാകൃഷ്ടരാകാതെയിരിക്കയില്ല. വേദാന്തപ്രവചനത്തിന്ന് അമേരിക്കയിലേക്കു പോയ വിവേകാനന്ദസ്വാമികൾ ഇതേ വിശ്വാസം പല തവണ പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്.

ഈശ്വരനെപ്പററിയുള്ള അന്വേഷണം മനുഷ്യാത്മാവിന്റെ ഒരു ശാശ്വതസ്വഭാവമാകുന്നു. ഏററവും സൂക്ഷ്മവും ഉജ്ജ്വലവും ഉപാധിനിർമ്മുക്തവുമായ മനുഷ്യചേതന തന്നെയാണ് ഈശ്വരനെന്നും, ഈ ഈശ്വരൻ ''സർവ്വഭൂതാനാം ഹൃദ്ദേശേ'' സ്ഥിതി ചെയ്യുന്നുവെന്നും, വിശ്വാത്മാവും മനുഷ്യാത്മാവും ഒന്നു തന്നെയെന്നും, ഈ വസ്തുത ലോകമെങ്ങുമുള്ള മതഗ്രന്ഥങ്ങളും ആത്മദർശികളുടെ വചനങ്ങളുംതുറന്നുപറഞ്ഞിട്ടുണ്ടെന്നും, ചില നിയതസാധനകളിലൂടെ ഏതൊരാൾക്കും ഈ തത്വം സ്വഹൃദയത്തിൽ അനുഭവിച്ചറിയാമെന്നും, അങ്ങിനെ അറിയുന്നതോടു കൂടി ജീവിതം സഫലമായിത്തീരുമെന്നും, അതോടെ മനുഷ്യൻ പുനരാവൃത്തിഹീനമായ പദത്തിലെത്തുന്നുവെന്നും അദ്വൈതവേദാന്തം പ്രഖ്യാപിക്കുന്നു.

പ്രപഞ്ചത്തിന്റെ ആധാരമായ വസ്തു ഏകനായ ഈശ്വരനെങ്കിൽ, പ്രകടമായ നാനാത്വത്തിന്നു കാരണമെന്ത്? എല്ലാ മനുഷ്യരുടെയും ആത്മാവ് ഒന്നു തന്നെയെങ്കിൽ ഒരാൾ സുഖിയും മറെറാരാൾ ദുഃഖിയും, ഒരാൾ പണ്ഡിതനും മറെറാരാൾ മൂഢനും ആകുന്നതിന്നു കാരണമെന്തു്? ഇവിടെയാണ് മായാവാദം കടന്നു വരുന്നതു്. പ്രപഞ്ചം മായയാണ്. മായയെന്നാൽ ഇല്ലാത്തതെന്നോ ഭ്രമമെന്നോ മാത്രമല്ല ഉദ്ദിഷ്ടം. അനിർവ്വചനീയമായതു്, ഉള്ളതോ ഇല്ലാത്തതോ അല്ലാത്തതു്, എന്നത്രേ ആ വാക്കിന്നു വേദാന്തി ഉദ്ദേശിക്കുന്ന അർത്ഥം. ബോധത്തിന്നു പല തലങ്ങളുണ്ട്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥകൾ എല്ലാവർക്കും പരിചിതങ്ങളാണല്ലോ. സ്വപ്നത്തിൽ കാണുന്ന വസ്തുക്കൾ സ്വപ്നാവസ്ഥയിൽ സത്യങ്ങൾ തന്നെ. അതു കൊണ്ടാണല്ലോ സ്വപ്നം കാണുന്നവർ ചിരിക്കുന്നതും കരയുന്നതും ഭയപ്പെടുന്നതും മററും. എന്നാൽ ഉണരുന്നതോടെ സ്വാപ്നപദാർത്ഥങ്ങൾ മിഥ്യകളായിത്തീരുന്നു. ജാഗ്രത്സ്വപ്നസുഷുപ്തികൾക്കപ്പുറം നാലാമത്തേതായ ഒരു ബോധാവസ്ഥകൂടി മനുഷ്യർക്കുണ്ട്. ആ തുരീയാവസ്ഥയിലെത്തുമ്പോൾ ഭൌതികപ്രപഞ്ചത്തിലെ വസ്തുതകൾ മിഥ്യകളായിത്തീരുന്നു. ശുക്തിരജതം, രജ്ജുസർപ്പം മുതലായ പല ഉദാഹരണങ്ങൾ വഴി പ്രപഞ്ചത്തിന്ന് പ്രാതിഭാസികസത്തയേ ഉള്ളൂ എന്ന് വേദാന്തി സ്ഥാപിക്കുന്നു. എന്നാൽ വേദാന്തിയുടെ പരമപ്രമാണം യുക്തിയല്ല, വെളിപാടുകൾ അഥവാ മതഗ്രന്ഥങ്ങൾ ആണ്. അവയ്ക്കു നിരക്കുന്ന യുക്തിയെ മാത്രമേ അയാൾ സ്വീകരിക്കൂ. യുക്തി മാറി വരാവുന്നതാണ്. വെളിപാടുകൾ എന്നും മാറാതെ നിൽക്കുന്നു.

മതഗ്രന്ഥങ്ങളിൽ പരസ്പരവൈരുദ്ധ്യം കാണുന്നുണ്ടല്ലോ. അപ്പോൾ ഏതു വിശ്വസിക്കും? ഏതു് അവിശ്വസിക്കും? ഇവിടെയാണ് വേദാന്തിയുടെ സമന്വയവാദം പ്രസക്തമാകുന്നതു്. ഏതു മതഗ്രന്ഥവും, അതാതിന്റേതായ പശ്ചാത്തലത്തിന്നെതിരെ വെച്ചുനോക്കുമ്പോൾ സത്യമാകുന്നു. കാരണം, അവയിലടങ്ങുന്നതു് വെളിപാടുകളാണ്, ലോകാനുഗ്രഹത്തിന്നു വേണ്ടി ആവിഷ്ക്കരിക്കപ്പെട്ട തത്വങ്ങളാണ്. ആരെയും വഞ്ചിക്കാനുദ്ദേശിക്കപ്പെട്ടവയല്ലാത്തതിനാൽ അവ അസത്യമാകാൻ തരമില്ല. എങ്കിലും, അവയിൽ കുറെ ഭാഗങ്ങൾ എങ്കിലും, അർത്ഥവാദപരങ്ങളാണ്. ഉദാഹരണത്തിന്ന്, സ്വർഗ്ഗസുഖങ്ങളേയും നരകദുഃഖങ്ങളേയും ക്ഷേത്രമാഹാത്മ്യാദികളേയും വർണ്ണിക്കുന്ന ഭാഗങ്ങൾ. സൽക്കർമ്മങ്ങളിൽ മനുഷ്യക്ക് അഭിരുചി ജനിപ്പിക്കണമെന്ന ഉദ്ദേശമേ അവയ്ക്കുള്ളു. നേരെ മറിച്ച്, ആത്മസ്വരൂപത്തെപ്പററി അത്തരം ഗ്രന്ഥങ്ങളിലുള്ള വിവരണങ്ങൾ സമാഹരിച്ചാൽ, ഏകരൂപമായ ഒരാശയം അവയിൽ, മാലയിൽ ചരടു പോലെ, ഓടുന്നതായി കാണാൻ പ്രയാസമില്ല. അതു് സ്വീകാര്യവുമാണ്. ഭിന്നരുചികളും സംസ്കാരത്തിന്റെ ഭിന്നതലങ്ങളിൽ വർത്തിക്കുന്നവരുമായ മനുഷ്യർക്കു പാകമായ വിധത്തിൽ, പല ആചാരാനുശാസനങ്ങളും, പല ആശയഗതികളും, മതഗ്രന്ഥങ്ങളിൽ കാണാം. അവയല്ല പ്രധാനം. മാത്രമല്ല, അവയെ അന്നന്നത്തെ അതിസമുന്നതജ്ഞാനവുമായി യോജിപ്പിക്കുക പ്രയാസമുള്ളതല്ലതാനും.

ആചാരപ്രധാനമായ മതത്തിൽ നിന്ന് അനുഭൂതിപ്രധാനമായ ദർശനത്തിലേക്കു തിരിയുമ്പോൾ, ''മതങ്ങൾ'' അപ്രത്യക്ഷമായി ''മതം'' മാത്രം അവശേഷിക്കുന്നു. ഈ ഘട്ടത്തിലേക്കു പ്രവേശിക്കുകയും, ക്രമേണ സാധനയുടെ പരമഫലമായ ജീവന്മുക്തി നേടുകയും ചെയ്ത ഒരാൾ ലോകം ഉപേക്ഷിച്ച് കാട്ടിൽ ഒളിക്കുന്ന പലായനവാദിയല്ല, മറിച്ച്, വസന്തം പോലെ ലോകഹിതം ആചരിച്ചു കൊണ്ട് സഞ്ചരിക്കുന്ന അത്തരമാളുകളത്രേ മഹാത്മാക്കൾ. ''അവർ നഗരത്തിലെ സ്ത്രീപുരുഷന്മാരേയും വനത്തിലെ വൃക്ഷപക്ഷിമൃഗാദികളേയും ഒരേ സാമ്യദൃഷ്ടിയോടെ കാണുന്നു. ചിലപ്പോൾ മാളികയിലും, ചിലപ്പോൾ കുടിലിലും, ചിലപ്പോൾ മലയിലും ചിലപ്പോൾ പുഴക്കരയിലും അവർ പാർക്കുന്നു. അവർ കുട്ടികളോടു കൂടി കൈകൊട്ടിച്ചിരിച്ചു രസിക്കുന്നു. തരുണികളായ സ്ത്രീകളുമൊത്തു വിനോദിക്കുന്നു. വൃദ്ധന്മാരൊത്തു കാര്യങ്ങളാലോചിക്കുന്നു. ജനങ്ങളുടെ ദുഃഖങ്ങൾ കണ്ടു കരയുന്നു. ചിലപ്പോൾ വിദ്വാന്മാരൊത്തു ചർച്ചകൾ നടത്തുന്നു. മററു ചിലപ്പോൾ കവികളുമൊന്നിച്ചു കാവ്യചിന്തയിൽ മുഴുകുന്നു. ചിലപ്പോൾ ശാസ്ത്രജ്ഞന്മാരുമൊന്നിച്ച് ശാസ്ത്രീയാന്വേഷണങ്ങളിലേർപ്പെടുന്നു. ഒരിക്കലും അവർ വ്യാമോഹത്തിന്നടിപ്പെടുന്നില്ല.'' ജീവന്മുക്തന്മാരെപ്പററി ശങ്കരാചാര്യർ വർണ്ണിച്ചു പോകുന്നതു് ഏറക്കുറെ ഈ വിധത്തിലാണ്. ഉദ്ബുദ്ധവും സമുന്നതവുമായ മനുഷ്യജീവിതത്തിന്റെ മാതൃക ഇതു തന്നെയാകുന്നു. അതിനാൽ വേദാന്തദർശനം മനുഷ്യനെ കർമ്മവിമുഖനാക്കുന്നു എന്നു പറയുന്നതിലർത്ഥമില്ല. ഇന്ത്യയിൽ കർമ്മവൈമുഖ്യമുണ്ടായിരുന്നുവെങ്കിലതിന്നു കാരണം വേദാന്തമല്ല, അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ്. ശങ്കരാചാര്യരുടെ കൃതികൾ പഠിക്കാനും, ആധുനികപരിതസ്ഥിതിക്കനുസരിച്ച് അവയെ പുനർവ്യാഖ്യാനിക്കാനും, അദ്വൈതദർശനം കഴിയുന്നേടത്തോളം സ്വായത്തമാക്കാനുമുള്ള പ്രചോദനം ശങ്കരപരമ്പരയിലെ മൂന്നു പ്രമുഖമഠാധിപതികളുടെ സാന്നിദ്ധ്യത്തിൽ കാലടിയിൽ നടക്കുന്ന ഈയാണ്ടിലെ ശങ്കരജയന്ത്യാഘോഷങ്ങളുടെ ഫലമായി നമുക്കു കൈവരുമാറാകട്ടെ.

> എല്ലാവർക്കും സുഭിക്ഷമായി ജീവിക്കാനാവശ്യമായ ഭൌതികപുരോഗതിയും, എല്ലാ പൌരന്മാർക്കും സമത്വം വാഗ്ദാനംചെയ്യുന്ന ജനാധിപത്യവ്യവസ്ഥിതിയും, പ്രപഞ്ചനിഗൂഢതയെ അനാവരണംചെയ്യുവാൻ ധൈര്യം നൽകുന്ന ശാസ്ത്രീയമനസ്ഥിതിയും ഒത്തുചേർന്ന ഒരു സമുദായത്തിലേ അദ്വൈതദർശനം വിലമതിക്കപ്പെടുകയുള്ളു.